വിവരാവകാശം - മറുപടി

നം : **B.2/35153/16**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 10.02.2017.

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.

ശ്രീ.ജയപ്രകാശ്,
FL No.6 A
ബീക്കൺ ഗ്രീൻ ലീവ്സ്,
കാഞ്ഞിരംപാറ,
തിരുവനന്തപുരം 695 030

സർ,

വിഷയം : സാമൂഹ്യനീതി വകുപ്പ് - ശ്രീ.ജയപ്രകാശന്റെ വിവരാവകാശനിയമ പ്രകാരമുള്ള ചോദ്യത്തിന് മറുപടി നൽകുന്നത് - സംബന്ധിച്ച്

സൂചന :- ശ്രീ.ജയപ്രകാശന്റെ 16.01.2017ലെ വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ.

സൂചന കത്ത് പ്രകാരം താങ്കളുടെ സ്ഥലംമാറ്റ യാത്രാ ബില്ല് B2-00698/16 dt 6.2.16 നമ്പർ കത്ത് പ്രകാരം സർക്കാരിന്റെ പ്രത്യേക അനുമതി ലഭിക്കുന്നതിന് ഈ കാര്യാലയത്തിൽ നിന്നും അയച്ചിരുന്നു. എന്നാൽ സർക്കാർ നം.2263/എ1/2016/സാ.നീ.വ തീയതി 18.6.2016 കത്ത് പ്രകാരം വിരമിച്ച തിയതി KSR ഭാഗം II 65 മുതൽ 73 വരെയുള്ള ചട്ടങ്ങളുടേയും ചട്ടം 166-ന്റെ അടിസ്ഥാനത്തിൽ ബില്ലുകളുടെ കൃത്യത, സ്വീകാര്യത, വിശ്വാസ്യത എന്നിവ പരിശോധിച്ച് ഉറപ്പ് വരുത്തിയ ശേഷം പ്രൊപ്പോസൽ പുനഃസമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ കത്തിനോടൊപ്പം ഒർജിനൽ ട്രാൻസ്ഫർ റ്റി.എ ബില്ലുകൾ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ ടി ഒറിജിനൽ ട്രാൻസ്ഫർ റ്റി.എ ബില്ലുകളും അനുബന്ധ രേഖകളും മടക്കി നൽകുന്നതിന് No:B2-00698/16. തീയതി.09.11.2016 ൽ രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്. 31.01.2017 ൽ ഓർമ്മക്കുറിപ്പും ഈ കാര്യാലയത്തിൽ നിന്നും അയച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ടി ബില്ലുകൾ മടക്കി ലഭിച്ചിട്ടില്ല. ടി ബില്ലുകളും അനുബന്ധ രേഖകളും സർക്കാരിൽ നിന്നും മടക്കി അയച്ചു തന്നാൽ മാത്രമേ താങ്കളുടെ യാത്രാ ബില്ലിലെ അപാകതകൾ പരിഹരിച്ച് സർക്കാരിൽ അയയ്കുവാൻ സാധിക്കുകയുള്ളു എന്നുള്ള വിവരം അറിയിക്കുന്നു.

ഈ മറുപടി തൃപ്തികരമല്ലെങ്കിൽ വിവരാവകാശ നിയമ പ്രകാരമുള്ള അപ്പലേറ്റ് അതോറിറ്റിയായ ഈ വകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീമതി.പ്രീത S.നായർക്ക് 30 ദിവസത്തിനുള്ളിൽ സമർപ്പിക്കാവുന്നതാണ്. മേൽവിലാസം ചുവടെ ചേർക്കുന്നു.

ശ്രീമതി.പ്രീത S.നായർ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
അപ്പലേറ്റ് അതോറിറ്റി,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം.

വിശ്വസ്തതയോടെ,

സുൽഫിക്കർ എസ്.
സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

Aj.